"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കൊല്ലം ജില്ല - തൃക്കടവൂർ ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ. ആർ. ബാബുവിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.523/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 05/03/2019

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 12.05.2015-ലെ ഇ2(എസ് സി87/2014/കെഎൽഎം)5295/2015 നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 06.06.2015-ലെ 6025/ഡി3/2015/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 19.11.2015-ലെ 598/ഇപിബി2/2015/തസ്വഭവ നമ്പർ കുറ്റപത്രം

4 സർക്കാരിന്റെ 02.09.2016-ലെ 598/ഇപിബി2/2015/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

5 ശ്രീ. ആർ. ബാബു സമർപ്പിച്ച 14.11.2016-ലെ എതിർവാദ പത്രിക

6 പഞ്ചായത്ത് ഡയറക്ടറുടെ 15.11.2017-ലെ ഡി6-41991/2015 നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ജില്ലയിലെ തൃക്കടവൂർ ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ മെയിന്റനൻസുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ട് എന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തൃക്കടവൂർ ഗ്രാമപഞ്ചായത്തിൽ ആകസ്മിക പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. വിജിലൻസ് പരിശോധനയിൽ ചുവടെ ചേർക്കുന്ന ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി.

1. പഞ്ചായത്ത് തീരുമാനം എടുക്കുന്നതിന് മുമ്പ് തെരുവ് വിളക്കുകളുടെ പുനരുദ്ധാരണത്തിന് ക്വട്ടേഷൻ ക്ഷണിച്ചു.

2. പെരിനാട് ഇലക്ട്രിക്കൽ മേജർ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും സാക്ഷ്യപത്രം വാങ്ങാതെ തെരുവ് വിളക്കുകൾ മെയിന്റനൻസ് ചെയ്തതിന്റെ തുക രണ്ടു തവണ കരാറുകാരനു

നൽകി.

3. സ്റ്റോക്ക് രജിസ്റ്ററിൽ ഇലക്ട്രിക്കൽ ഉപകരണങ്ങൾ നൽകിയത് രേഖപ്പെടുത്തിയിട്ടില്ല.

4. തെരുവ് വിളക്കുകൾ മെയിന്റനൻസ് നടത്തുന്നതിനുള്ള ഉപകരണങ്ങൾ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർക്ക് നൽകാതെ കരാറുകാരന് നേരിട്ട നൽകി.

മേൽ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ക്രമക്കേടുകൾക്കുത്തരവാദിയായ തൃക്കടവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സെക്രട്ടറി ശ്രീ. ബാബുവിനെതിരെ പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിച്ചുവരവേ ശ്രീ. ബാബു 31.03.2015-ൽ സേവനത്തിൽ നിന്ന് വിരമിച്ചതിനാൽ ശ്രീ. ബാബുവിനെതിരെ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(ബി) പ്രകാരം അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ശ്രീ. ബാബുവിന്റെ പ്രതിമാസ പെൻഷനിൽ നിന്ന് 300/- രൂപ വീതം 2 വർഷത്തേയ്ക്ക് കുറവുചെയ്യാമെന്ന് താല്ക്കാലിക തീരുമാനമെടുത്ത് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. ആർ. ബാബു പരാമർശം (5) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ കെ.എസ്.ഇ.ബി. സെക്ഷൻ ആഫീസിൽ നിന്നും വൈദ്യുത ഉപകരണങ്ങളുടെ ആവശ്യകത കാണിച്ചുകൊണ്ടുള്ള കത്ത് ലഭിക്കുമ്പോൾ ടി അധികൃതരെ ബോധ്യപ്പെടുത്തി ഉപകരണങ്ങൾ അറ്റകുറ്റപ്പണി കരാറെടുത്തിട്ടുള്ള വ്യക്തിക്ക് കൈമാറിയിട്ടുള്ളതാണെന്നും, കൈമാറിയ എല്ലാ ഉപകരണങ്ങളും കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ കൃത്യമായി പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുള്ളതാണെന്ന് ബോധിപ്പിച്ചിട്ടുണ്ട്. കൂടാതെ ഇതിന് തെളിവായി കെ.എസ്.ഇ.ബി. പെരിനാട് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ 31.07.2014, 15.12.2011 എന്നീ തീയതികളിലെ ഡി.ബി7-പി.എ.എൻ/69/14-15/പി.എൻ.ഡി നമ്പർ കത്തുകളും കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ ടി ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി മേൽനോട്ടം വഹിച്ചിട്ടുണ്ടെന്നുള്ള സാക്ഷ്യപത്രവും ഹാജരാക്കുകയുണ്ടായിട്ടുണ്ട്. ശ്രീ. ആർ. ബാബുവിനെ നേരിൽ കേൾക്കണമെന്ന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാനെ നേരിൽ കേട്ടു. നേരിൽ കേട്ട അവസരത്തിലും ശ്രീ. ബാബു പ്രതിവാദ പത്രികയിൽ ബോധിപ്പിച്ച വസ്തുതകൾ തന്നെയാണ് ആവർത്തിച്ചത്. ഇക്കാര്യത്തിൽ മനഃപൂർവ്വമായ യാതൊരു വീഴ്ചയും തന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലായെന്നും അപ്രകാരം വല്ലതും അബദ്ധത്തിൽ വന്നുപോയിട്ടുണ്ടെങ്കിൽ സേവനത്തിൽ നിന്നും വിരമിച്ച ഒരു ജീവനക്കാരൻ എന്ന പരിഗണന നൽകി തനിക്കെതിരെ നിർദ്ദേശിച്ചിട്ടുള്ള ശിക്ഷയിൽ നിന്നും തന്നെ ഒഴിവാക്കുന്നതിന് ദയവുണ്ടാകണമെന്നും അഭ്യർത്ഥിക്കുകയുണ്ടായി.

ഇത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ പരാമർശം (6) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ കെ.എസ്.ഇ.ബി. അധികൃതരുടെ മേൽനോട്ടത്തിലാണ് തെരുവ് വിളക്കുകളുടെ മെയിന്റനൻസ് പ്രവൃത്തികൾ നടന്നത് എന്നാണ് മനസ്സിലാകുന്നതെന്നും എന്നും എന്നാൽ വിജിലൻസ് പരിശോധനാ വേളയിൽ പ്രസ്തുത രേഖകൾ വിജിലൻസ് അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ലായെന്ന് അനുമാനിക്കാവുന്നതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരുവ് വിളക്കുകളുടെ മെയിന്റനൻസ് പ്രവൃത്തികൾ നേരിട്ട് ചെയ്യുന്നതിൽ നിന്നും കെ.എസ്.ഇ.ബി. പിൻമാറിയ ശേഷം ടി സ്ഥാപനങ്ങളുടെ വിളക്കുകളുടെ പരിപാലനത്തിനായി പ്രോജക്ടുകൾ വച്ച് ടെണ്ടർ ക്ഷണിച്ച് വാർഷിക പരിപാലന കരാർ പ്രകാരമാണ് ടി ഉപകരണങ്ങൾ സ്ഥാപിക്കുന്നത് എന്നും അറിയിക്കുകയുണ്ടായി.

ശ്രീ. ബാബുവിനെ നേരിൽ കേട്ടതിന്റെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പഞ്ചായത്ത് രാജ് നിയമം 166(1)-ാം വകുപ്പിൽ ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയിൽപ്പെട്ട പട്ടികയിലെ 15-ാമത്തെ ഇനമാണ് തെരുവ് വിളക്കുകൾ കത്തിക്കുകയും അവയെ പരിപാലിക്കുകയും ചെയ്യുകയെന്നത്. പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി (2012-17) തയ്യാറാക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ സംബന്ധിച്ച ഉത്തരവിലെ പേജ് 3-ൽ ഖണ്ഡിക 7 (iii) ൽ വികസനേതര ചിലവുകൾ അനിവാര്യ പൊതുചുതലകൾ നിറവേറ്റുന്നതിനായി വേണ്ടി വരുന്ന ആവർത്തന സ്വഭാവമുള്ള ചിലവുകൾ, ശുചീകരണം, വൈദ്യുതി ചാർജ്ജ് അടയ്ക്കൽ, സ്ട്രീറ്റ് ലൈറ്റ്, കുടിവെള്ള വിതരണം എന്നിവയുടെ മെയിന്റനൻസ് തുടങ്ങിയവയ്ക്ക് ആവശ്യമായ തുക മാറ്റിവച്ച ശേഷമുള്ള തുകയാണ് പദ്ധതിയുടെ ഭാഗമാക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നത്. ഇതിൽ നിന്നും തെരുവ് വിളക്കുകൾ മെയിന്റനൻസ് നടത്തുന്നതിന് പ്രോജക്ട് ആവശ്യമില്ലെന്നു വ്യക്തമാകുന്നു. ആയതിനാൽ തുക്കടവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്കെതിരെയുള്ള കുറ്റങ്ങൾ നിലനിൽക്കുന്നതല്ല എന്ന് കാണുന്നു. ഈ സാഹചര്യത്തിൽ തുക്കടവൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ആർ. ബാബുവിനെതിരെ നൽകിയ കുറ്റാരോപണങ്ങളിൽ നിന്നും ടിയാനെ കുറ്റവിമുക്തനാക്കി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ്.മോഹൻദാസ്
അഡീഷണല് സെക്രട്ടറി

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. ആർ. ബാബു, മുൻ സെക്രട്ടറി, തുക്കടവൂർ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിജിലൻസ് വകുപ്പ് (യു.ഒ. റിമാർക്സ് നം. ഡി3-588/2018/വിജി. തീയതി 30.07.2018 പ്രകാരം)

8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/598/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ